പോലീസ് വെരിഫിക്കേഷൻകാരണം പുറംതള്ളപ്പെട്ടവർ

* 783. [2] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 നവംബർമാസംമുതൽ 1963 ഡിസംബർ അവസാനംവരെ, പോലീസ്, എഡ്യൂക്കേഷൻ, മെഡിക്കൽ എന്നീ വകുപ്പുകളിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ സെലക്ഷൻ കിട്ടിയ ഉദ്യോഗാർത്ഥികൾ എത്ര ;

(ബി) ഇവരിൽ 'വെരിഫിക്കേഷന്റെ' ഫലമായി പുറംതള്ളപ്പെട്ടവർ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പോലീസ് — ഒന്നുമില്ല
എഡ്യൂക്കേഷൻ— 301
മെഡിക്കൽ — 87

ക്ലാർക്ക്, ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തുടങ്ങിയ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട തസ്തികകളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടവർ ഇതിൽ ഉൾപ്പെടുകയില്ല. കാരണം അവർ ഒരു പ്രത്യേക വകുപ്പിൽ നിയമിക്കപ്പെടാൻ വേണ്ടി തെരഞ്ഞെടുക്കപ്പെടുന്നവരല്ല.

(ബി) ഇവരിൽ ആർക്കും വെരിഫിക്കേഷന്റെ പേരിൽ ഇതുവരെ ഉദ്യോഗം നിഷേധിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : വെരിഫിക്കേഷന്റെ പേരിൽ ഉദ്യോഗം നിഷേധിക്കുന്നവരെ ആ വിവരം അറിയിക്കുന്നതിനും ഗവണ്മെന്റിനും എന്താണ് വിരോധം ? ഇപ്പോഴും അങ്ങനെ അറിയിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ആർ. ശങ്കർ : വെരിഫിക്കേഷൻ സ്വകാര്യമായി നടത്തുന്ന ഒരു അന്വേഷണമാണ്. അതിന്റെ വിവരങ്ങൾ ആളുകളെ അറിയിക്കുന്നത് ശരിയാണെന്നു വിചാരിക്കുന്നില്ല.

ശ്രീ. സി. എ. മാത്യു : പോലീസ് വെരിഫിക്കേഷൻ ചട്ടങ്ങളിലും ഗവണ്മെന്റിന്റെ നിർദ്ദേശങ്ങളിലും ഈ അടുത്ത കാലത്തു് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഭേദഗതിയൊന്നും വരുത്തിയിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : വെരിഫിക്കേഷന്റെ വിവരം പറയണമെന്നല്ല ഞാൻ പറഞ്ഞത്. ആളുകൾ പി. എസ്സ്. സി. സെലക്റ്റ് ചെയ്താൽ ഉദ്യോഗം ഇന്നുകിട്ടും, നാളെക്കിട്ടുമെന്നു വിചാരിച്ചിരിക്കും. ഉദ്യോഗം നിഷേധിച്ചാൽ അതു് അവരെ അറിയിക്കുന്നതിൽ വിരോധമുണ്ടോയെന്നാണ് ചോദിച്ചതു്.

ശ്രീ. ആർ. ശങ്കർ: പി. എസ്. സി. അഡ്വൈസ് ചെയ്തുകഴിഞ്ഞാൽ ഉദ്യോഗം കിട്ടുമല്ലൊങ്കിൽ വെരിഫിക്കേഷനിൽ എന്തോ തകരാറു കണ്ടിട്ടുണ്ടെന്നു് ഊഹിക്കാവുന്നതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : എഡ്യൂക്കേഷനിൽ മുന്നൂറിയെന്നും, മെഡിക്കലിൽ എൺപത്തിയേഴും പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. അവരെയെല്ലാം നിയമിച്ചു കഴിഞ്ഞുവെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ആർ. ശങ്കർ: എല്ലാവരേയും നിയമിച്ചു കഴിഞ്ഞിരിക്കാൻ ഇടയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : നിയമനം കഴിഞ്ഞിടത്തോളമുള്ളവരെ സംബന്ധിച്ച് ഉദ്യോഗം കിട്ടിയെന്ന് ഉറപ്പിക്കാൻ കഴിയും. നിയമനം കൊടുക്കാത്ത അവസരങ്ങളിൽ അത് അവരെ അറിയിക്കുന്നതിനും ഗവണ്മെന്റിനും ബാദ്ധ്യതയില്ലേ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ബാദ്ധ്യതയുള്ളതായി വിചാരിക്കുന്നില്ല. വെരിഫിക്കേഷൻ കഴിഞ്ഞും കഴപ്പമൊന്നും കണ്ടില്ലെങ്കിൽ അവരെ നിയമിക്കുകയാണു പതിവു്. അങ്ങനെ നിയമിക്കപ്പെടുന്നില്ലെങ്കിൽ വെരിഫിക്കേഷനിൽ എന്തോ കഴപ്പം കണ്ടിട്ടുണ്ടെന്നും ഊഹിക്കാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : പബ്ലിക്കു് സർവ്വീസു് കമ്മീഷൻ നിയമനത്തിനുള്ള ലിസ്റ്റു് പബ്ലിഷ്ചെയ്തു കഴിഞ്ഞശേഷം ആ ലിസ്റ്റിലെ റാങ്കു് അനുസരിച്ചല്ലാതെ ആ കൂട്ടത്തിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : റാങ്കു് അനുസരിച്ചു് നിയമനം നടത്തണമെന്നാണു് വ്യവസ്ഥ.

ശ്രീമതി കെ. ആർ. ഗൗരി : റാങ്കു് അനുസരിച്ചു് ലകളിൽ ആളുള്ളപ്പോൾ അതിനു താഴെനിന്നും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇതിനകത്തു് അങ്ങനെ വരാൻ ഇടയില്ല. വെരിഫിക്കേഷൻമൂലം ആരെയെങ്കിലും നിയമിക്കപ്പെടാതിരിക്കുന്ന എങ്കിൽ, അതിനു താഴെയുള്ളവരെ സ്വാഭാവികമായി നിയമിച്ചു എന്നുവരും.

ശ്രീ. ആർ. കൃഷ്ണൻ : എയിഡഡു് സ്കൂളിൽ ജോലി കിട്ടുന്നതിനു് എം. എൽ. എ. മാരും, ഗസറ്റഡു് ഉദ്യോഗസ്ഥന്മാരും കോണ്ടക്റ്റു് സർട്ടിഫിക്കറ്റു് കൊടുക്കേണ്ടയാവശ്യമുണ്ടു്. പോലീസു് വെരിഫിക്കേഷനിൽ ആ ആളെസംബന്ധിച്ചിടത്തോളം യാതൊരു അഡ്വേഴ്സു് അഭിപ്രായവും ഇല്ലെന്നു കോണ്ടക്റ്റു് സർട്ടിഫിക്കറ്റിൽ എഴുതാൻ നിർബന്ധിക്കുന്നുണ്ടു്. അതെന്തടിസ്ഥാനത്തിലാണു് ?

ശ്രീ. ആർ. ശങ്കർ : ഞാൻ ഇതാദ്യമായിട്ടു കേൾക്കുകയാണു്.

ശ്രീ. ഓ. കോരൻ : ഈ സെലക്റ്റു ചെയ്തവരുടെ കൂട്ടത്തിൽ ഹരിജനങ്ങളും ഉണ്ടോ ; ഉണ്ടെങ്കിൽ എത്രപേരുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഹരിജനങ്ങളും കാണും. അതിന്റെ ലിസ്റ്റു് പ്രത്യേകിച്ചില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പോലീസു് വെരിഫിക്കേഷനിൽ അൺറിസിഡൻറ്സാണു് നോക്കുന്നതു് എന്നു് ആവർത്തിച്ചാവർത്തിച്ചു മന്ത്രി പറയാറുണ്ടു്. ഉദ്യോഗത്തിനു് അർഹതയുണ്ടെന്നു വിശ്വസിക്കുന്ന ക്യാൻഡിഡേറ്റ്സിനെത്തന്നെ വെരിഫിക്കേഷൻകൊണ്ടു് ഉദ്യോഗം ലഭിക്കാതെ വരുന്നുണ്ടു്. അതിനെന്താണു പരിഹാരം ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള കേസുകളിൽ പരാതി കിട്ടുന്നതനുസരിച്ചു് ഉയർന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് വീണ്ടും വെരിഫിക്കേഷൻ നടത്തുകയും അപൂർവ്വം ചില കേസുകളിൽ അവർക്കു് ഉദ്യോഗം കിട്ടുകയും ചെയ്തിട്ടുണ്ടു്.

ഇറിഗേഷൻ വർക്കുകൾ

* 784. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം ജോലിചെയ്തു തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതെങ്കിലും ഡി. ഡി. സി. യുടെ ഇറിഗേഷൻ സബ് കമ്മിറ്റി ലിസ്റ്റു തയ്യാറാക്കി ഡി. ഡി. സി. യിൽ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മൈനർ ഇറിഗേഷൻ വർക്കുകൾക്കു ;

LIBRARY ARCHIVES Kerala Legislative Assembly